"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.GENL-3/172/2025-PandARD
ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ജനറൽ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-03-2026

## സർക്കുലർ

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - സർക്കാർ ഓഫീസുകളുടെ ചുവരുകളിലും പരിസരങ്ങളിലും സർക്കാർ/സർക്കാരിതര പോസ്റ്ററുകൾ, സ്റ്റിക്കറുകൾ, ബാനറുകൾ എന്നിവ അനധികൃതമായി പതിപ്പിക്കുന്നത് നിരോധിച്ചും, ശുചിത്വ പെരുമാറ്റ മാനദണ്ഡം പ്രാബല്യത്തിലാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തും നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:- 28.11.2012 തീയതിയിലെ 6920/എ.ആർ.13(2)/2012/ഉ.ഭ.പ.വ നമ്പർ സർക്കുലർ.

***********************

സർക്കാർ ഓഫീസുകളുടെ ഭിത്തികളിൽ വിവിധ സർവീസ് സംഘടനകൾ പോസ്റ്ററുകൾ ഒട്ടിച്ച് വൃത്തികേടാക്കുന്നതും , ഓഫീസ് പരിസരത്ത് പൊതുജനങ്ങൾക്ക് അസൗകര്യമായി കൊടിമരങ്ങളും ബാനറുകളും സ്ഥാപിക്കുന്നതും നിരോധിച്ചുകൊണ്ട് പരാമർശം പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നെങ്കിലും ആയത് കൃത്യമായി പാലിക്കപ്പെടുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സർക്കാർ ഓഫീസുകളുടെ ശുചിത്വവും പൊതുസൗകര്യങ്ങളുടെ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പരാമർശ സർക്കുലറിലെ നിർദേശങ്ങൾ കർശനമായി പാലിക്കുവാൻ വകുപ്പ് മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.
2. പ്രസ്തുത നിർദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപന മേധാവികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.
3. സ്ഥാപനാധിഷ്ഠിത "ശുചിത്വ പെരുമാറ്റ മാനദണ്ഡം"(Hygiene protocol) തയ്യാറാക്കി നടപ്പിലാക്കുന്നതിന് അതത് സ്ഥാപന മേധാവികൾക്ക് വ്യക്തിപരമായ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതാണ്.
4. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ വി സി) വകുപ്പ് സത്വര പരിശോധന നടത്തേണ്ടതാണ്.

ഡോ.രാജൻ നാംദേവ് ഖൊബ്രഗഡെ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/ പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറി/സ്പെഷ്യൽ സെക്രട്ടറിമാർക്കും

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും

എല്ലാ വകുപ്പ് മേധാവികൾക്കും

മുഴുവൻ സ്വയംഭരണ സ്ഥാപനങ്ങൾക്കും/യൂണിവേഴ്സിറ്റി മേധാവികൾക്കും

വെബ് & ന്യൂ മീഡിയ, ഐ &പി ആർഡി ,ഗവ.സെക്രട്ടേറിയറ്റ് (ഗവ.വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (എ വി സി) വകുപ്പ്

കരുതൽ ഫയൽ /ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി-ക്ക്

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.



File No. DT/1654/2026-A5 (Computer No. 865677)
Generated from eOffice by JAYAKUMAR K, A5 DTTVPM, A5 DTTVPM, INDUSTRIAL TRAINING DEPARTMENT on 13/04/2026 11:45 AM

മേലെഴുത്ത് കത്ത് : ഡിറ്റി/1654/2026 - എ5 തീയതി : 01-04-2026

സർക്കാർ ഓഫീസുകളുടെ ഭിത്തികളിൽ വിവിധ സർവീസ് സംഘടനകൾ പോസ്റ്ററുകൾ ഒട്ടിച്ച് വൃത്തികേടാക്കുന്നതും. ഓഫീസ് പരിസരത്ത് പൊതുജനങ്ങൾക്ക് അസൗകര്യമായി കൊടിമരങ്ങളും ബാനറുകളും സ്ഥാപിക്കുന്നതും നിരോധിച്ചുകൊണ്ടുള്ള ഉത്തരവിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്ന സംബന്ധിച്ച മാർഗനിർദേശങ്ങൾ ഉൾപ്പെട്ട മേൽ സർക്കുലർ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

VASUDEVAN. P, ADT DT TVPM, O/O ADT DTTVPM

Digitally signed by
Vasudevan P
Date: 01-04-2026
11:09:40

സ്വീകർത്താവ്,

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)